# 10,000 ലിറ്റർ ശേഷിയുള്ള നീര പ്ലാന്റുകൾ സ്ഥാപിക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് നീരയുടെ വാണിജ്യ ഉല്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രതിദിനം 10,000 ലിറ്റർ ഉല്പാദന ശേഷിയുള്ള രണ്ട് പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് മന്ത്രി കെ.പി.മോഹനൻ നിയമസഭയെ അറിയിച്ചു. വി.എസ്.അച്യുതാനന്ദന്റെ സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി. നാളികേരവികസന കോർപറേഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ഏലത്തൂരിലും, കണ്ണൂരിലെ ആറളത്തുമാണ് പ്ലാന്റുകൾ സ്ഥാപിക്കുക. യഥാക്രമം ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിൽ പ്ലാന്റുകളിൽ ഉല്പാദനം തുടങ്ങാനാകുമെന്നും മന്ത്രി അറിയിച്ചു. 2013-14 കാലത്ത് 10 ജില്ലകളിൽ നീര യൂണിറ്റുകൾ സ്ഥാപിക്കാനായി ബജറ്റിൽ വകയിരുത്തിയ 15 കോടി നൽകിയിട്ടില്ലെന്നും എന്നാൽ ഈ തുക വകമാറ്റി ചെലവഴിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. നീര ഉല്പാദനത്തിന് കേരള കാർഷിക സർവകലാശാല പ്രത്യേകസംവിധാനം വികസിപ്പിച്ച സാഹചര്യത്തിൽ കാസർഗോഡ് നീലേശ്വരത്തും തൃശൂർ വെള്ളാനിക്കരയിലും തിരുവനന്തപുരത്ത് വെള്ളായണിയിലുമായി പ്രതിദിനം 1000 ലിറ്റർ ഉല്പാദനശേഷിയുള്ള മൂന്ന് യൂണിറ്റുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നീലേശ്വരം പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ കേരള നാളികേര വികസന കോർപറേഷൻ കോഴിക്കോട് പ്രതിദിനം 300 ലിറ്റർ ശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതായും മന്ത്രി വ്യക്തമാക്കി. ജയിലുകളിൽ കഴിയുന്ന വയനാട് ജില്ലയിലെ ആദിവാസികളിൽ നിയമസഹായ ആനുകൂല്യം ലഭിക്കാൻ അർഹരായ ആരെങ്കിലുമുണ്ടെങ്കിൽ അവർക്ക് നിയമസഹായം ലഭ്യമാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി വ്യക്തമാക്കി. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ സേവനം ലഭിക്കുന്ന വിചാരണ തടവുകാരായി നിലവിൽ ആദിവാസികൾ ഇല്ലെന്നും ഗുരുതര കുറ്റത്തിന് തടവുശിക്ഷ അനുഭവിക്കുന്നവർ മാത്രമാണ് ജയിലുകളിൽ ഉള്ളത്.